# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3871 15.12.2014-ൽ മറുപടിയ്ക്ക്

## കാഞ്ഞങ്ങാട്ടെ അഭിലാഷിന്റെ കൊലപാതകം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.വി.രാജേഷ് | | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് മീനാപ്പീസ് കടപ്പുറത്ത് കൊല ചെയ്യപ്പെട്ട സ്കൂൾ വിദ്യാർത്ഥിയായ അഭിലാഷിന്റെ മരണത്തിന് ഉത്തരവാദികളായ യഥാർത്ഥ പ്രതികളെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് അഭിലാഷിന്റെ കുടുംബക്കാർ നൽകിയ നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് യഥാർത്ഥ പ്രതികളെ പിടികൂടുന്നതിന് സ്വീകരിച്ചിട്ടുള്ളത്; | (എ) | അഭിലാഷിന്റെ മരണവുമായി ബന്ധപ്പെട്ട് കാഞ്ഞങ്ങാട് നിയമസഭാംഗം ശ്രീ.ഇ.ചന്ദ്രശേഖരൻ നൽകിയ നിവേദനം ലഭിച്ചിട്ടുണ്ട്. അഭിലാഷിന്റെ മരണവുമായി ബന്ധപ്പെട്ട് Cr.No.210/CR/HHW III/ KKD/14 (ഹോസ്ദുർഗ് PS Crime No.1188/14) ആയി HHW III കോഴിക്കോട് യൂണിറ്റിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതും ആയത് ശ്രീ.കെ.വി. സന്തോഷ് ഡി.വൈ.എസ്.പി യുടെ നേതൃത്വത്തിൽ 2.12.14 മുതൽ അന്വേഷണം നടത്തി വരുന്നതുമാണ്. |
| (ബി) | സമീപകാലത്ത് മീനാപ്പീസ് കടപ്പുറത്ത് നടന്നിട്ടുള്ള അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; എത്ര പ്രതികളെ പിടികൂടിയിട്ടുണ്ട് ; ഇതുമായി പ്രസ്തുത കൊലപാതകത്തിന് ബന്ധമുണ്ടോ എന്ന് വിശദമാക്കാമോ ; | (ബി) | സമീപകാലത്ത് അക്രമസംഭവങ്ങളൊന്നും നടന്നിട്ടില്ല. |
| (സി) | സഹപാഠികൾ മാത്രമാണ് പ്രതികൾ എന്ന പോലീസിന്റെ നിഗമനം വിശ്വാസയോഗ്യമല്ലെന്നും ആയതിനാൽ ഉയർന്ന പോലീസ് ഉദ്യോഗസ്ഥരെക്കൊണ്ട് ഇതു സംബന്ധിച്ച് അന്വേഷണം നടത്തണമെന്നുമുള്ള നാട്ടുകാരുടെ ആവശ്യത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ വിശദാംശം നൽകുമോ? | (സി) | ടി കേസിന്റെ അന്വേഷണം 2.12.2014 മുതൽ ക്രൈംബ്രാഞ്ച് HHW III കോഴിക്കോട് ഡി.വൈ.എസ്.പി ശ്രീ.കെ.വി സന്തോഷിന്റെ നേതൃത്വത്തിൽ നടത്തി വരുന്നു. |

12/12/14

സെക്ഷൻ ഓഫീസർ